**KERALA TAX PRACTITIONERS ASSOCIATION**

(A guild of Registered Tax Practitioners in the State of Kerala under Trade Union Act 1926)

Regn. No. 07-02 of 2011 dated 14-01-2011

**STATE COMMITTEE**

Door No.CC67/8908(A), Choolackal Buldings, Therasa Lane, Convent Junction

Market Road, Cochi - Pin 682 011

# KTPA കുടുംബക്ഷേമ പദ്ധതി

## KTPA FWS

ഏതൊരു അസോസിയേഷന്റെയും സുപ്രധാന ലക്ഷ്യവും ഉത്തരവാദിത്തവും അതിന്റെ അംഗങ്ങൾക്ക് ക്ഷേമവും പരിരക്ഷയും നൽകുക എന്നതായിരിക്കണം. കഴിഞ്ഞ കാലഘട്ടങ്ങളിൽ "KTPA മെമ്പേഴ്സ് വെൽഫെയർ ഫണ്ട്" എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചെങ്കിലും പ്രതീക്ഷിച്ച രീതിയിൽ സമയബന്ധിതമായി അംഗങ്ങളുടെ സഹകരണം ലഭിക്കാത്തത് കൊണ്ട് KTPA MWF തീരുമാനിച്ചതുപോലെ തുടങ്ങാൻ ആയില്ല. എന്നാൽ 5–ാം സംസ്ഥാന സമ്മേളനത്തിൽ അംഗങ്ങളുടെയിടയിൽ ഉയർന്നുവന്ന ആവശ്യ പ്രകാരം ഈ പദ്ധതിയ്ക്ക് പുതിയ രൂപം നൽകികൊണ്ട് തുടരാൻ തീരുമാനിച്ചു.

KTPA മെമ്പേഴ്സ് വെൽഫെയർ ഫണ്ട് എന്ന പേര് ഇനിമുതൽ "KTPA ഫാമിലി വെൽഫെയർ സ്കീം" എന്നപേരിൽ അറിയപ്പെടുന്നതായിരിക്കും. പുതിയ പദ്ധതി പ്രകാരം 2017 ആഗസ്റ്റ് ഒന്നു മുതൽ 2020 ജൂലൈ 31 വരെയുള്ള 3 വർഷകാലത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള സംഖ്യകൾ അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, വിദ്യാഭ്യാസം, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ആവശ്യങ്ങൾക്കായി അസോസിയേഷൻ അംഗമായിട്ടുള്ള എല്ലാവർക്കും നിബന്ധനകൾക്കു വിധേയമായി ലളിതമായ പ്രക്രിയയിലൂടെ ഫണ്ട് അനുവദിച്ചു നൽകുന്നതായിരിക്കും.

അടുത്ത ഘട്ടമായി 2020–ൽ ഫണ്ടിന്റെ വളർച്ച കണക്കിലെടുത്ത് മരണാനന്തരം ധനസഹായം ഉയർന്ന തോതിൽ 5,00,000 രൂപ വരെ ലഭിക്കുന്ന രീതിയിൽ പുതുക്കി നിശ്ചയിക്കുന്നതോടൊപ്പം പുതിയ ആവശ്യങ്ങളും പരിഗണിക്കുന്നതായിരിക്കും. തുടർന്ന് ഓരോ മൂന്ന് വർഷത്തിലും ഫണ്ടിന്റെ യഥാസ്ഥിതിയനുസരിച്ച് ധനസഹായ തുക പുതുക്കി നിശ്ചയിക്കുന്നതാണ്.

പുതിയ പദ്ധതിയിൽ വെൽഫെയർഫണ്ട് സബ്സ്ക്രിപ്ഷൻ എന്നതിനു പകരം "കുടുംബക്ഷേമ പദ്ധതി സംഭാവന" എന്ന ശീർഷകത്തിലാണ് ഓരോ വർഷവും അംഗങ്ങളിൽ നിന്നും സംഭാവനയായി ഫണ്ട് പിരിച്ചെടുക്കുക.

KTPA -യിൽ എല്ലാ (യോഗ്യതയുള്ള) അംഗങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. ആയതുകൊണ്ട് തന്നെ ഈ പദ്ധതിയിൽ പ്രത്യേകം അംഗത്വം എടുക്കേണ്ടതില്ല.

## പദ്ധതി പ്രകാരം നൽകുന്ന ധനസഹായം

**(01/07/2017 മുതൽ 30/06/2020 വരെ)**

### 1. വിവാഹ സമ്മാനം

(ആദ്യത്തെ വിവാഹത്തിനു മാത്രം)

| ഗുണഭോക്താവ് | അസോസിയേഷനിൽ അംഗത്വം ലഭിച്ച വർഷം കണക്കാക്കി | | |
|---|---|---|---|
| | 0–01 | 01–03 | 03 വർഷത്തിൽ കൂടുതൽ |
| അംഗത്തിന്റെ വിവാഹം:– | | | 5,000.00 |
| അംഗത്തിന്റെ :– | | | |
| മകൻ – | .................. | ................. | 5,000.00 |
| മകൾ – | .................. | 5,000.00 | 15,000.00 |
| അംഗത്തിന്റെ സഹോദരി ആശ്രയി :– (ഒരാൾക്ക് മാത്രം) | | | 10,000.00 |

❖ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് ഏതെങ്കിലും ഒരു വിവാഹ സമ്മാനം മാത്രമേ ലഭിക്കാൻ അർഹതയുള്ളൂ.

### 2. ആരോഗ്യം

| ഗുണഭോക്താവ് | അസോസിയേഷനിൽ അംഗത്വം ലഭിച്ച വർഷം കണക്കാക്കി | | |
|---|---|---|---|
| | 0–01 | 01–03 | 03 വർഷത്തിൽ കൂടുതൽ |
| അംഗം– വാഹനാപകടത്തിൽപെട്ട് 15 ദിവസത്തിന് മേൽ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സ നേടിയവർ | | | 15,000.00 |

3. **Permanent Disability :-** പ്രവർത്തിക്കാൻ കഴിയാതെ വരിക അംഗത്തിനു മാത്രം

| ഗുണഭോക്താവ് | അസോസിയേഷൻ അംഗത്വം ലഭിച്ച വർഷം | | | |
|---|---|---|---|---|
| | 0-01 | 01-03 | 03-05 | 05 വർഷത്തിൽ കൂടുതൽ |
| അംഗത്തിനു മാത്രം | 25,000.00 | 50,000.00 | 75,000.00 | 1,00,000.00 |

4. **മരണം (അംഗം)**

| ഗുണഭോക്താവ് | അസോസിയേഷൻ അംഗത്വം ലഭിച്ച വർഷം | | | |
|---|---|---|---|---|
| | 0-01 | 01-03 | 03-05 | 05 വർഷത്തിൽ കൂടുതൽ |
| അംഗത്തിന്റെ ആശ്രിതർ | 50,000.00 | 75,000.00 | 1,00,000.00 | 1,50,000.00 |

5. 60 വയസ്സ് തികഞ്ഞവരും 15 വർഷം അസോസിയേഷൻ അംഗത്വം തുടർച്ചയായി പുതുക്കി പ്രാക്ടീസ് ചെയ്തവരുമായ അംഗങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ കാരണം പ്രൊഫഷൻ നിർത്തി അസോസിയേഷനിൽ നിന്നും അംഗത്വം പിൻവലിക്കുന്ന സാഹചര്യത്തിൽ ജില്ലാ കമ്മിറ്റിയുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 50000 രൂപ കോമ്പൻസേഷൻ തുകയായി നൽകുന്നതാണ്.

6. സംഘടന വിരുദ്ധ പ്രവർത്തനം നടത്തി അസോസിയേഷനിൽ നിന്നും ഒഴിവാക്കിയവർക്ക് ഈ ഫണ്ടിൽ നിന്നും യാതൊരു തുകയും നൽകുന്നതല്ല.

7. കോമ്പൻസേഷൻ തുക കൈപ്പറ്റിയ അംഗങ്ങൾ ആ തുക കൈപ്പറ്റി ഒരു വർഷത്തിനുള്ളിൽ മരണപ്പെടുകയാണെങ്കിൽ ജില്ലാ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കമ്മിറ്റി മരണാനന്തര സഹായമായി ഒരു ലക്ഷം രൂപയിൽ കവിയാത്ത സംഖ്യ അനുവദിക്കാവുന്നതാണ്.

## സ്രോതസ്സ്

1. നിർബന്ധമായും എല്ലാ അംഗങ്ങളും (പുതിയതായി അംഗത്വം എടുക്കുന്നവർ ഉൾപ്പെടെ) ഈ പദ്ധതിയ്ക്ക് വേണ്ടി നിശ്ചയിച്ചിട്ടുള്ള വാർഷിക സംഭാവന നൽകേണ്ടതാണ്. KTPA കുടുംബക്ഷേമ പദ്ധതി, KTPA വാർഷിക വരിസംഖ്യ, അക്കാദമിക് ഫെസിലിറ്റേഷൻ ഫീസ്, ദി ടാക്സ് അഡ്വൈസർ മാസിക, വാർഷിക വരിസംഖ്യ എന്നിവ ഉൾപ്പെടുത്തി ഓരോ വർഷവും ജൂൺ 30 നു മുമ്പ് അംഗങ്ങൾ വാർഷിക ഫീസായി അടവാക്കേണ്ടതാണ്. അംഗങ്ങൾ നേരിട്ട് ഫീസ് അടയ്ക്കാൻ ഉതകുന്ന രീതിയിൽ ഓൺലൈൻ സംവിധാനം KTPA വെബ്സൈറ്റ് വഴി ഏർപ്പെടുത്തുന്നതാണ്. എന്നാൽ വാർഷിക ഫീസ് അംഗങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്നതിൽ യൂണിറ്റ്, ജില്ലാ കമ്മിറ്റികൾക്കും നിലവിലുള്ള ഉത്തരവാദിത്തവും അധികാരവും തുടരുന്നതായിരിക്കും.
2. ജനുവരി 2018 നു നടക്കാനിരിക്കുന്ന അസോസിയേഷന്റെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ഈ പദ്ധതിയ്ക്ക് വേണ്ടി പ്രത്യേക കൂപ്പൺ വഴി ഫണ്ട് സമാഹരണം നടത്തുന്നതാണ്. ഒരു മെമ്പർ 1000/- രൂപയുടെ കൂപ്പൺ നിർബന്ധമായും എടുക്കേണ്ടതാണ്. ഈ പിരിവിൽ ജില്ലകൾക്ക് വിഹിതം അനുവദിയ്ക്കുന്നതല്ല.
3. അസോസിയേഷൻ നടത്തുന്ന എല്ലാവിധ സംരംഭങ്ങളും (സംസ്ഥാന സമ്മേളനം ഉൾപ്പെടെ) നിന്നും ലഭിക്കുന്ന ലാഭവിഹിതത്തിൽ 10% ഈ പദ്ധതിയ്ക്കു വേണ്ടി മാറ്റി വെയ്ക്കുന്നതാണ്.
4. അംഗങ്ങൾ സ്വമേധയാ സംഭാവനകൾ നൽകാവുന്നതാണ്.
5. ജില്ലാ കമ്മിറ്റികൾ സ്വമേധയാ സംഭാവനകൾ നൽകാവുന്നതാണ്.

## ആദ്യ മൂന്ന് വർഷകാലത്തേക്ക് പ്രതീക്ഷിക്കുന്ന ധനവിനിയോഗവും/ധനസമാഹരണവും

**ധനവിനിയോഗം**

| ഇനം | രൂപ |
|---|---|
| വിവാഹം | 120000.00 |
| ആരോഗ്യം | 200000.00 |
| മരണം/ഡിസെബിലിറ്റി | 600000.00 |
| മറ്റിനം (കരിയർകൗസിലിംഗ്, കുടുംബസംഗമം) | 180000.00 |
| **ആകെ** | **1100000.00** |

## ധനസമാഹരണം

| ഇനം | രൂപ |
|---|---|
| വാർഷിക സംഭാവന (800 x 500 x 3)<br>2018 വാർഷിക സമ്മേളന കൂപ്പൺ പിരിവ് | 1200000.00<br>800000.00 |
| ആകെ | 2000000.00 |

❖ (പലിശ, നേരത്തെ പരാമർശിച്ചിട്ടുള്ള മറ്റു വിഹിതങ്ങൾ ഉൾപ്പെടുത്താതെ)

## ധന മാനേജ്മെന്റ്

ആദ്യ വർഷത്തേയ്ക്ക് മാത്രം

| ഇനം | രൂപ |
|---|---|
| അംഗങ്ങളുടെ സംഭാവന | 400000.00 |
| 2018 സമ്മേളന കൂപ്പൺ പിരിവ് | 800000.00 |
| ആകെ | 1200000.00 |

സമാഹരിച്ച ഫണ്ടിൽ 80% തുക ഒരുവർഷം, 10 % തുക 6 മാസം, 10% തുക മൂന്നുമാസം എന്നീ കാലയളവിലേയ്ക്ക് എറണാംകുളം എസ്.ബി.ഐ.ൽ സ്ഥിര നിക്ഷേപമായി നിക്ഷേപിക്കുന്നതാണ്. തുടർന്ന് രണ്ടും മൂന്ന് വർഷങ്ങളിൽ വർഷാവസാനം ബാക്കിയുള്ളതും രണ്ട് വർഷം സമാഹരിച്ചതുമായ ആകെ തുക ഇതേ രീതിയിൽ നിക്ഷേപിക്കുന്നതാണ്.

## മാനേജ്മെന്റ് (സബ്കമ്മിറ്റി)

| | | |
|---|---|---|
| ചെയർമാൻ | : | അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറി |
| അംഗങ്ങൾ | : | സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങൾ രണ്ട് പേർ. |
| എക്സ് ഒഫിഷ്യോ അംഗങ്ങൾ | : | സംസ്ഥാന പ്രസിഡന്റ്, സംസ്ഥാന വൈസ്പ്രസിഡന്റ് ജനറൽ സെക്രട്ടറി, സംസ്ഥാന ട്രഷറർ. |

## കമ്മിറ്റിയുടെ പ്രവർത്തനം

**ചുമതല**

1. സമയ ബന്ധിതമായി വാർഷിക സംഭാവന പിരിവ് (മേൽനോട്ടവും ഉത്തരവാദിത്തവും)
2. 2018 വാർഷിക സമ്മേളനം കൂപ്പൺ പിരിവ്.
3. ധനസഹായം ആവശ്യപ്പെട്ട് അംഗങ്ങളിൽ നിന്നും ലഭിയ്ക്കുന്ന അപേക്ഷ പരിശോധിച്ച് സംസ്ഥാന കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യൽ.
4. അത്യാവശ്യ ഘട്ടങ്ങളിൽ സബ്കമ്മിറ്റിയുടെ നിർദേശ പ്രകാരം ജനറൽ സെക്രട്ടറി ഫണ്ട് ഉടൻ അനുവദിയ്ക്കുന്നതാണ്. തുടർന്നു സംസ്ഥാന ട്രഷറർ ഫണ്ട് വിനിയോഗം നടത്തി രസീപ്റ്റ്, വൗച്ചർ മറ്റും ആവശ്യമായ രേഖകൾ കൈവശം വെയ്ക്കേണ്ടതും അടുത്ത് കൂടുന്ന സംസ്ഥാന കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. സബ്കമ്മിറ്റി ചെയർമാൻ സംസ്ഥാനഎക്സിക്യൂട്ടീവിന്റെ അംഗീകാരത്തിനു വേണ്ടി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
5. ജില്ലാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ സഹായധന അപേക്ഷകൾ പരിഗണിക്കുകയുള്ളു.
6. ഉന്നത വിജയം നേടിയ എസ്.എസ്.എൽ. സി, പ്ലസ്ടു, ഡിഗ്രി വിദ്യാർത്ഥികളായ അംഗങ്ങളുടെ മക്കൾക്ക് സംസ്ഥാനതലത്തിൽ കരിയർ കൗൺസിലിംഗ് ക്ലാസ് വർഷത്തിൽ ഒരു പ്രാവശ്യം നടത്തുന്നതാണ്.
7. രണ്ടു വർഷത്തിൽ ഒരു പ്രാവശ്യം "സംസ്ഥാനതലത്തിൽ കുടുംബ സംഗമം സംഘടിപ്പിക്കുന്നതാണ്".

### വാർഷിക ഫീസ്

| ഇനം | രൂപ |
|---|---|
| KTPA അംഗത്വ വാർഷിക വരിസംഖ്യ | 150.00 |
| KTPA കുടുംബക്ഷേമ സംഭാവന | 500.00 |
| KTPA അക്കാദമിക് ഫെസിലിറ്റേഷൻ ഫീസ് | 150.00 |
| ദി ടാക്സ് അഡ്വൈസർ വരിസംഖ്യ | 200.00 |
| ആകെ | 1000.00 |

❖ പുതിയതായി KTPA അംഗത്വത്തിന് അപേക്ഷിക്കുന്നവർ 300 രൂപ അഡ്മിഷൻ ഫീസായി ഇതിനു പുറമേ അടയ്ക്കേണ്ടതാണ്, (യൂണിറ്റ്, ജില്ല വിഹിതം ഉൾപ്പെടെ ആകെ 1600 രൂപ)

❖ ഇപ്പോൾ നിലവിൽ മാസികയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ളവർ സ്കീമിൽ മാഗസിൻ ലഭിയ്ക്കാൻ മറ്റൊരാളുടെ പേര് ശുപാർശ ചെയ്യാവുന്നതാണ്.

<u>പുതിയ പദ്ധതിയിലെ ഗുണങ്ങൾ</u>

1. എല്ലാ അംഗങ്ങളും നിർബന്ധമായും ചേരേണ്ടതാണ്.
2. പദ്ധതി നിലവിൽ വരുന്നതോടു കൂടി ഉടനടി സഹായം ലഭിയ്ക്കാൻ തുടങ്ങും.
3. പ്രായപരിധിയില്ല, പ്രായഭേദമന്യേ ഒരേ നിരക്കിലുള്ള പദ്ധതി സംഭാവന.
4. അടയ്ക്കേണ്ട പദ്ധതി വിഹിതം നേരത്തെ നിശ്ചയിച്ചതിൽ നിന്നും നേർ പകുതി മാത്രം
5. കൂടുതൽ ഇനങ്ങളിൽ കൂടുതൽ ധനസഹായം
6. വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് സമ്മാനങ്ങൾ
7. പ്രത്യേക ബൈലോ, മാനേജ്മെന്റ്, ഫണ്ട് സൂക്ഷിപ്പ് എന്നിവ ആവശ്യമില്ല.
8. ഫണ്ട് വർദ്ധനവിനനുസരിച്ച് ധനസഹായം ഉയർന്ന തോതിൽ ലഭിക്കാനുള്ള സാധ്യത.
9. കാലാ കാലങ്ങളിൽ മാറിവരുന്ന ഭരണസമിതികൾ അതാതു കാലഘട്ടത്തിനനുസരിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കാനുള്ള സ്വാതന്ത്ര്യവും അവസരവും.
10. സംസ്ഥാന എക്സിക്യൂട്ടീവിന് പദ്ധതി നടത്തിപ്പിൽ പരമാധികാരം
11. ലളിതമായ നിബന്ധനകൾ, പ്രത്യേക അപേക്ഷ, സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, പ്രത്യേക അംഗത്വം എന്നിവ ആവശ്യമില്ല.
12. വലിയ ശ്രമം കൂടാതെ പിരിക്കാവുന്ന സംഖ്യ

08.06.2017

മസിനഗുഡി

Tpr.എം.ഗണേശൻ

സംസ്ഥാന പ്രസിഡന്റ്